**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4101** **17-03-2025 - ൽ മറുപടിയ്ക്ക്**

**കെ-സ്മാർട്ടിലൂടെ തീർപ്പാക്കിയിട്ടുള്ള അപേക്ഷകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി) | |
| (എ) | തദ്ദേശ സ്വയംഭരണ വകുപ്പിൽ നടപ്പിലാക്കിയ കെ-സ്മാർട്ടിലൂടെ എത്ര അപേക്ഷകൾ തീർപ്പാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | 3264302 അപേക്ഷകളാണ് കെ- സ്മാർട്ടിലൂടെ ലഭിച്ചിട്ടുള്ളത്. 2460022 അപേക്ഷകൾ കെ-സ്മാർട്ടിലൂടെ തീർപ്പാക്കിയിട്ടുണ്ട്. |
| (ബി) | ത്രിതല പഞ്ചായത്തുകളിലും കെ-സ്മാർട്ട് നടപ്പിലാക്കുമോ; വിശദമാക്കാമോ? | (ബി) | കെ സ്മാർട്ട് സംവിധാനം ത്രിതല പഞ്ചായത്തുകളിൽ വിന്യസിക്കുന്നതിന്റെ ഭാഗമായി 2025 ജനുവരി 1 മുതൽ തിരുവനന്തപുരം ജില്ലയിലെ കരകുളം ഗ്രാമപഞ്ചായത്തിലും തുടർന്ന് നെടുമങ്ങാട് മുനിസിപ്പാലിറ്റിയിലും തിരുവനന്തപുരം ജില്ലാ പഞ്ചായത്തിലും പൈലറ്റ് അടിസ്ഥാനത്തിൽ വിന്യസിക്കുകയുണ്ടായി. 2025ഏപ്രിൽ മുതൽ കേരളത്തിലെ എല്ലാ ഗ്രാമ-ബ്ലോക്ക്-ജില്ലാ പഞ്ചായത്തുകളിലും കൂടി കെ-സ്മാർട്ട് സംവിധാനം പൂർണ്ണമായും നടപ്പിലാക്കുന്നതിന് സർക്കാർ തലത്തിൽ തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ